DESPATCHED
On..30/11/21..



## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No.349(6)/2021**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*2999/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ
അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. സെൽവറ്റ്,<br>ഹൗസ് നം. 276,<br>പുറമ്പോക്ക് പുരയിടത്തിൽ,<br>ചൊവ്വര പി.ഒ., അമ്പലത്തുമൂല,<br>തിരുവനന്തപുരം | അപ്പീൽ ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സീനിയർ സൂപ്രണ്ട്,<br>കെ.എസ്.ഇ.ബി., ഇലക്ട്രിക്കൽ സെക്ഷൻ,<br>വൈദ്യുതി ഭവനം,പട്ടം,<br>തിരുവനന്തപുരം<br><br>2. അപ്പീൽ അധികാരി &<br>അസി. എക്സി. എഞ്ചിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ,<br>വിഴിഞ്ഞം പി.ഒ., വിഴിഞ്ഞം,<br>തിരുവനന്തപുരം | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 15.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 06.01.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 23.01.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 15.02.2021 |

| | |
|---|---|
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 26.02.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 26.02.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 15.04.2021 |
| മേൽ പ്രകാരമുളള റിപ്പോർട്ട് ലഭിച്ച തീയതി | 26.04.2021 |
| ആഡിയോ ഹിയറിംഗ് തീയതി | 10.11.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സെൽവറ്റ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേലും ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ കമ്മീഷൻ ടിയാന് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 15.12.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, അടിമലത്തുറയിൽ എ.കെ.ജി. ജംഗ്ഷന് സമീപം ജ്ഞാനപ്പൂ ഹൗസിൽ താമസിക്കുന്ന സലോമൻ, വിക്ടോറിയ്ക്ക് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും വൈദ്യുതി കണക്ഷൻ കൊടുത്തതിന്റെ വീട്ടു നമ്പർ അടങ്ങുന്ന ഓണർഷിപ്പ് സർട്ടിഫിക്കറ്റിന്റെ കോപ്പി, 23775 കൺസ്യൂമർ നമ്പരിന്റെ ഓണർഷിപ്പിന്റെ കോപ്പി, കരം തീർത്ത രസീത് കോപ്പി, കൈവശാവകാശ സർട്ടിഫിക്കറ്റ് കോപ്പി എന്നിവ നൽകണമെന്നാണ്. 06.01.2021 ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ മൂന്നാം കക്ഷി വിവരങ്ങൾ ആയതിനാൽ സെക്ഷൻ (11) പ്രകാരം നൽകാൻ കഴിയില്ലെന്ന് ടിയാനെ അറിയിച്ചതായി കാണുന്നു. ആയതിനാൽ ടിയാൻ 23.01.2021 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷ 15.02.2021 ൽ തളളി തീർപ്പാക്കിയതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി 26.04.2021 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് കൈമാറുന്നതിനായി രേഖകളുടെ ഉടമസ്ഥരായ മൂന്നാം കക്ഷികൾക്ക് നോട്ടീസ് നൽകുകയും എന്നാൽ ടി കക്ഷി രേഖാമൂലം വിസമ്മതം അറിയിക്കുകയും ചെയ്തതിനാൽ പകർപ്പ് നൽകാൻ സാധിക്കുകയില്ലെന്നു കാണിച്ച് ഹർജികക്ഷിക്ക് കത്തു നൽകിയിരുന്നുവെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ വിവരാവാകശ നിയമം 2005 പ്രകാരം പൊതുതാൽപര്യത്തിനുതകുന്നതോ അടിയന്തര പ്രാധാന്യം അർഹിക്കുന്നതോ അല്ല എന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 15.12.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 06.01.2021 തീയതി മറുപടി നൽകിയതായി കാണുന്നു. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല. ടിയാന്റെ 23.01.2021 ലെ അപ്പീൽ അപേക്ഷ അപ്പീൽ അധികാരി 15.02.2021 തീയതി നിരസിച്ചതായി കാണുന്നു. 10.11.2021 ൽ കമ്മീഷൻ നടത്തിയ ഹിയറിംഗിൽ പങ്കെടുത്ത ഹർജികക്ഷി നൽകിയ മൊഴിയിൽ പറയുന്നത് തന്റെ സ്ഥലം സലോമിവിക്ടോറിയ കൈയേറുകയും തനിക്ക് ഉണ്ടായിരുന്ന വീട് തീകത്തിക്കുകയും ചെയ്തിട്ടാണ് ടി സ്ഥലത്ത് ടി സലോമിവിക്ടോറി വീട് വച്ച് വൈദ്യുതി കണക്ഷൻ നേടി എടുത്തിരിക്കുന്നത് എന്നാണ്. ആയത് സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നുവെന്നും ടിയാൻ മൊഴിയിൽ പറഞ്ഞിട്ടുളളതാണ് എതിർകക്ഷി നൽകിയ മൊഴിയിൽ പറയുന്നത് ഓണർഷിപ്പ് സർട്ടിഫിക്കറ്റും കൈവശാവകാശ സർട്ടിഫിക്കറ്റും നൽകി അപേക്ഷച്ചതിനാൽ ആണ് കണക്ഷൻ നൽകിയതെന്നും മൂന്നാം കക്ഷി പകർപ്പ് ആവശ്യപ്പെട്ടതിനാലാണ് വിവരാവകാശ നിയമം വകുപ്പ് 11 പ്രകാരം നൽകുവാൻ പാടില്ല എന്ന് മൂന്നാം എതിർകക്ഷി രേഖാമൂലം അറിയിക്കുകയും ചെയ്തതിനാൽ ആണ് വിവരം നൽകാതിരുന്നത് എന്നും ആയതിന്റെ പകർപ്പ് കമ്മീഷനിൽ ഹാജരാക്കുന്നുവെന്നും കമ്മീഷൻ ഉത്തരവിട്ടാൽ ഹർജികക്ഷിക്കു നൽകാവുന്നതാണെന്നും ടിയാൻ മൊഴി നൽകി. ആയതിന്റെ വിവിധ വശങ്ങൾ പരിശോധിച്ച് ടി വിവരങ്ങൾ ഹർജികക്ഷിക്ക് തന്റെ സിവിൽ കോടതി

വ്യവഹാരാവശ്യത്തിന് ആയി ലഭ്യമാക്കണമെന്ന അപേക്ഷ പരിഗണിച്ച് ടി പകർപ്പുകൾ ഒന്നാം എതിർകക്ഷി ഹർജികക്ഷിക്ക് ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം നൽകാൻ കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

STATE INFORMATION COMMISSION * KERALA THIRUVANANTHAPURAM *

അഡീഷണൽ സെക്രട്ടറി (നിയമം)
dp